File No.LSGD-EPB1/47/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനകാര്യം- വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) 2020- സെലക്ട് ലിസ്റ്റ് അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.698/2020/ത.സ്വ.ഭ.വ
തീയതി,തിരുവനന്തപുരം, 20/03/2020

---

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 13.3.2020-ലെ PAN/3802/2020-E8 (DP) നമ്പർ കത്ത്

<u>ഉത്തരവ്</u>

പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിൽ 2020 വർഷത്തിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതിലേക്കായി 30.03.2020-ന് ചേർന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) സെലക്ട് ലിസ്റ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) അംഗീകരിച്ച സെലക്ട് ലിസ്റ്റ് നോട്ടിഫിക്കേഷൻ ആയി പ്രസിദ്ധപ്പെടുത്തുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 29.10.2019-ൽ കൂടിയ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) തീരുമാനപ്രകാരം അംഗീകരിച്ച സെലക്ട് ലിസ്റ്റ് കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തുന്നതിന് പഞ്ചായത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

1. ഡയറക്ടർ, ഗവണ്മെന്റ് പ്രസ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം/തൃശ്ശൂർ

4. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

3. തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SUDHEER S S
Date: 2020.03.20 16:27 03 IST
Reason: Approved

സെക്ഷൻ ഓഫീസർ